പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2027 26.03.2013 ൽ മറുപടിയ്ക്ക്

## സൗരോർജ്ജ വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ്ജത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ്ജത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ 28,000 സൗരറാന്തലുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ 10,000 ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാനും 1400 സൗരോർജ്ജ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നു. പൊതു സ്ഥാപനങ്ങളിൽ 100 kW സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടി തുടങ്ങിക്കഴിഞ്ഞു. കൂടാതെ സൗരോർജ്ജം ഉൾപ്പെടെയുള്ള ഊർജ്ജ സ്രോതസുകളുടെ വ്യാപനം ലക്ഷ്യമാക്കി 50MW-ൽ കുറയാതെയുള്ള പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിലേക്കായി കെ.എസ്.ഇ.ബി ഒരു താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. ഇതിൽ തെരഞ്ഞെടുത്ത സംരംഭകന് ലെറ്റർ ഓഫ് ഇൻഡന്റ് നൽകിയിട്ടുണ്ട്. |
| (ബി) തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിന് സൗരോർജ്ജം പ്രയോജനപ്പെടുത്തുവാൻ പ്രത്യേകപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) തെരുവ് വിളക്കുകൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി 14 മുൻസിപ്പാലിറ്റികളിലായി 1400 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

| | |
|---|---|
| (സി) സൗരോർജ്ജം ഉപയോഗിച്ച് തെരുവു വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നത് പരിഗണനയിലുണ്ടോ; | (സി) യും (ഡി) യും |
| (ഡി) പ്രസ്തുത ആവശ്യത്തിനായി അധിക തുക കണ്ടെത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഇപ്പോൾ ഊർജ്ജ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ